# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3157 — 11.12.14 ൽ - മറുപടിക്ക്

## സമ്പൂർണ്ണ-ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതു വിതരണ സമ്പ്രദായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>,, അൻവർ സാദത്ത്<br>,, പി.സി. വിഷ്ണുനാഥ്<br>,, ഷാഫി പറമ്പിൽ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സമ്പൂർണ്ണ - ബയോമെട്രിക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതു വിതരണ സമ്പ്രദായം നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; | (എ) ആധാർ അധിഷ്ഠിതമായോ സ്മാർട്ട് കാർഡ് പോലുള്ള ബദൽ മാർഗ്ഗങ്ങളുപയോഗിച്ചോ പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റേഷൻകാർഡ് പുതുക്കലിനോടനുബന്ധിച്ച് ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങളും ശേഖരിക്കുന്നുണ്ട്. സമ്പൂർണ്ണ ബയോമെട്രിക് ഐഡന്റിഫിക്കേഷൻ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്താൻ സാധിക്കുന്നതോടൊപ്പം റേഷൻ സാധനങ്ങളുടെ തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. ഒന്നിലേറെ കാർഡിൽ ഒരേയാൾ തന്നെ അംഗമാകുന്നത് തടയുന്നതോടൊപ്പം ഡീ-ഡ്യൂപ്ലിക്കേഷൻ നടത്തിയ ഒരു സമ്പൂർണ്ണ ഡാറ്റാ ബേസ് സിവിൽ സപ്ലൈസ് വകുപ്പിൽ നിലവിൽ വരും. ഈ ഡാറ്റാബേസ് മറ്റു വകുപ്പുകൾക്കും പങ്ക് വയ്ക്കാവുന്നതും വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ യഥാർത്ഥ വ്യക്തിക്കു തന്നെ ലഭിക്കുന്നു എന്നുറപ്പു വരുത്തുന്നതിനും സാധിക്കും. |
| (സി) ഇതുമൂലം ഉപഭോക്താക്കൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം സാദ്ധ്യമാകുമ്പോൾ ഒരു ഗുണഭോക്താവിന് അർഹതപ്പെട്ട വിഹിതം മുഴുവൻ ലഭിക്കുന്നു എന്നുറപ്പ് വരുത്താൻ സാധിക്കും. ഉപഭോക്താവിന്റെ അർഹതപ്പെട്ട വിഹിതം, നിരക്കുകൾ, കൈപ്പറ്റിയതും, കൈപ്പറ്റാൻ അവശേഷിക്കുന്നതുമായ വിഹിതം തുടങ്ങിയവ നേരിട്ട് മനസിലാക്കാനും മറിച്ചു വിൽക്കപ്പെടുന്നില്ല എന്നുറപ്പു വരുത്താനും സാധിക്കും. |

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ഡി) റേഷൻ വിതരണത്തിനായി ഗുണഭോക്താക്കളുടെ വിവരങ്ങൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇത് പൂർണ്ണമായും ആധാറുമായി ലിങ്ക് ചെയ്യേണ്ടതുണ്ട്. എഫ്.സി.ഐ.യിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഒരു സർക്കാർ സംവിധാനത്തിലൂടെ റേഷൻ കടകളിലേയ്ക്ക് എത്തിക്കുകയും ഉപഭോക്താക്കൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ അവിടെ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനിലൂടെ അവരെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കുന്നുണ്ട്. പൊതുവിതരണ ശൃംഖലയിലെ ഓരോ ചുവടും ഒരു സുതാര്യതാ പോർട്ടൽ സ്ഥാപിച്ച് വീക്ഷിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കുന്നതാണ്. ഇത്തരത്തിൽ പൊതു വിതരണ ശൃംഖല സുതാര്യവൽക്കരിക്കപ്പെടുന്നതാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി വകുപ്പു തലത്തിൽ തയ്യാറാക്കിയ വിശദമായ പ്രോജക്ട് പ്രൊപ്പോസലിന് 31.05.14-ലെ സ.ഉ(കൈ) നം.18/14/ഭ.പൊ.വി.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് അപ്പക്സ് കമ്മിറ്റി, ഭക്ഷ്യ സെക്രട്ടറി അദ്ധ്യക്ഷനായുള്ള **SPeMT**, സിവിൽ സപ്ലൈസ് കമ്മീഷണർ അദ്ധ്യക്ഷനായുള്ള ടെക്നിക്കൽ കമ്മിറ്റി എന്നിവ ഭരണതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നോഡൽ ആഫീസറായി സിവിൽ സപ്ലൈസ് കമ്മീഷണറെ നിയോഗിച്ചിട്ടുണ്ട്.

(ഇ) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി ലഭിക്കുന്നത്; വ്യക്തമാക്കുമോ?

(ഇ) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ കംപോണന്റ്-1 നായി (ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക, സപ്ലൈ ചെയിൻ മാനേജ്മെന്റ് നടപ്പാക്കുക തുടങ്ങിയവ) 50% ചെലവുകൾ കേന്ദ്രം വഹിക്കുന്നതാണ്. ഇതിനായുള്ള 12.17 കോടി രൂപയിൽ 7.30 കോടി രൂപ നാളിതുവരെ കേന്ദ്രം അനുവദിച്ചു നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ